**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5288** **12-08-2021 - ൽ മറുപടിയ്ക്ക്**

**പാലക്കാട് റൈസ് പാർക്കിന്റെ നിർമാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ ആരംഭിക്കുന്ന ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | പാലക്കാട് ജില്ലയിലെ കിൻഫ്ര മെഗാഫുഡ് പാർക്കിൽ ഒരു റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കാൻ പദ്ധതിയുണ്ട്. നെൽ കർഷകരുടെ ഉന്നമനത്തേയും ഈ മേഖലയുടെ മൂല്യ വർദ്ധനയും ലക്ഷ്യമാക്കി അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ പാർക്കിൽ വിഭാവനം ചെയ്തിട്ടുണ്ട്. നെല്ല് സംസ്കരണ യൂണിറ്റും നെല്ലിൽ നിന്ന് ഉല്പദിപ്പിക്കുന്ന മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള സംവിധാനവുമാണ് പാർക്കിൽ വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത പാർക്ക് എന്ന് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാവുമെന്ന് അറിയിക്കാമോ? | (ബി) | 2022 മാർച്ച് മാസത്തിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ